"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - കൊല്ലം, കണ്ണനല്ലൂർ എം.കെ.എൽ.എം.എച്ച്.എസ്.എസ്സിലെ എച്ച്.എസ്.ടി. (ഗണിതം) ശ്രീമതി. ആർച്ച. എസ്. - ന്റെ നിയമനം അംഗീകരിക്കുന്നതിനായി സമർപ്പിച്ച പുന:പരിശോധന ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.4498/2026/GEDN തീയതി,തിരുവനന്തപുരം, 06-07-2026

പരാമർശം:-

1. കൊല്ലം കണ്ണനല്ലൂർ എം.കെ.എൽ.എം.എച്ച്.എസ്.എസ്സിലെ എച്ച്.എസ്.ടി. (ഗണിതം) തസ്തികയിൽ നിയമിതയായ ശ്രീമതി. ആർച്ച. എസ്. സർക്കാരിൽ സമർപ്പിച്ച 03/10/2025 തീയതിയിലെ പുന:പരിശോധന ഹർജി.
2. കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 17/11/2025, 20/11/2025 തീയതിയിലെ DEOKLM/2020/2025-B4 നമ്പർ കത്തുകൾ.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 18-11-2025 തീയതിയിലെ ഇ.റ്റി.1/23089/2025/ഡി.ജി.ഇ നമ്പർ കത്ത്, 05-06-2026, 16-06-2026 തീയതികളിലെ DGE/8040/2026-ET1 നമ്പർ കത്തുകൾ
4. കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 19-11-2025 തീയതിയിലെ ഡിഡി.ഇ/ബി 3/3825/25 നമ്പർ കത്ത് .

**ഉത്തരവ്**

കണ്ണനല്ലൂർ എം.കെ.എൽ.എം.എച്ച്.എസ്.എസ് ലെ എച്ച്.എസ്.ടി. (ഗണിതം) അധ്യാപിക ശ്രീമതി. ആർച്ച.എസ്. സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കുന്നതിന്റെ ഭാഗമായി 20.11.2025 തീയതിയിൽ വാദം കേട്ടു.

2. ഹർജിക്കാരിയുടെ വാദം താഴെ പറയും പ്രകാരമായിരുന്നു :

കൊല്ലം ഡി.ഇ.ഒ-യുടെ കീഴിലുള്ള MKLMHSS കണ്ണനല്ലൂരിൽ ശ്രീമതി. ആർച്ച. എസ്. -നെ എച്ച്.എസ്.റ്റി (ഗണിതം) ആയി 01/12/2021 മുതൽ 2019-20 ൽ അനുവദിച്ച എച്ച്.എസ്.റ്റി (ഗണിതം) യുടെ അധിക തസ്തികയിൽ ശമ്പള സ്കെയിലിൽ നിയമിച്ചിരുന്നു. അധിക തസ്തികയിലെ നിയമനമാകയാൽ G.O.(P) 4/2021/G.Edn. തീയതി 06/02/2021, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവ് നമ്പർ H2/19500/2019 തീയതി 26/02/2021 എന്നിവ പ്രകാരം, ഒരു റെഗുലർ ഒഴിവ് 1:1 അനുപാതത്തിൽ, 1:1 അനുപാതം സംബന്ധിച്ച് ബഹു. സുപ്രീം കോടതിയിൽ നടന്നുവരുന്ന കേസിൻ്റെ അന്തിമ വിധിക്ക് വിധേയമായി വിട്ടുനൽകുന്നതിന് സമ്മതമറിയിച്ചുകൊണ്ട് ഒരു സത്യവാങ്മൂലം ജോയിന്റ് മാനേജർമാർ രേഖാമൂലം ഫയൽ

ചെയ്യുകയും ചെയ്തിരുന്നു.

എന്നാൽ, മേൽപ്പറഞ്ഞ നിയമനത്തിന് കൊല്ലം ഡി.ഇ.ഒ. താഴെ പറയുന്ന തടസ്സവാദമുന്നയിച്ചുകൊണ്ട് അംഗീകാരം നിഷേധിച്ചിരുന്നു.

06/02/2021 ലെ G.O.(P) 4/2021/G-Edn. വ്യവസ്ഥ പ്രകാരവും ബഹു. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ H2/19500/2019 തീയതി 26/02/2021 ലെ ഉത്തരവനുസരിച്ചും, 2016-17 മുതൽ 2019-20 വരെയുള്ള അധിക തസ്തികകളിൽ 2019-20 വരെ നടത്തിയ നിയമനങ്ങൾ അംഗീകരിക്കാനാണ് നിർദ്ദേശിച്ചിരുന്നത്. ശ്രീമതി. ആർച്ച.എസ്-ന് 2021-22 വർഷം 01/12/2021 മുതലാണ് നിയമനം നൽകിയിട്ടുള്ളത്.

നിയമനാംഗീകാരം നിരാകരിച്ചതിനെതിരെ കെ.ഇ.ആർ. ചട്ടപ്രകാരം മാനേജർ സമർപ്പിച്ച അപ്പീൽ മേൽപ്പറഞ്ഞ കാരണം കൂടാതെ മറ്റൊരു കാരണം കൂടി ചൂണ്ടിക്കാട്ടി ബഹു. കൊല്ലം ഡി.ഡി.ഇ തള്ളിക്കളഞ്ഞിരുന്നു. MKLMHSS കണ്ണനല്ലൂർ 'ന്യൂ സ്‌കൂളി'ന്റെ ഗണത്തിൽപെടുന്നതാണ്. ഇതനുസരിച്ച് കെ.ഇ.ആർ. അദ്ധ്യായം 21 ചട്ടം 7(3) എ യിലെ വ്യവസ്ഥകളും 08/11/2021 ലെ സ.ഉ.(പി) 19/2021/പൊ.വി.വ-യിലെ വ്യവസ്ഥകളും അനുസരിച്ച് ഒരു റെഗുലർ ഒഴിവ് സംരക്ഷിതാദ്ധ്യാപക നിയമനത്തിനായി വിട്ടു നൽകിയിട്ടില്ലായെന്നതാണ് രണ്ടാമത്തെ തടസ്സവാദം.

അപ്പീൽ നിരസിച്ചതിനെതിരെ ബഹു. പൊതുവിദ്യാഭ്യാസ ഡയറക്ടർ മുമ്പാകെ റൂൾ 8 എ ചാപ്റ്റർ 14 എ കെ.ഇ.ആർ പ്രകാരം ജോയിന്റെ മാനേജർമാർ സമർപ്പിച്ചിരുന്ന റിവിഷൻ അപ്പീലും മേൽപ്പറഞ്ഞ 2 കാരണങ്ങൾക്കു പുറമേ 18/11/2018 മുതലുള്ളതും നിലവിൽ അംഗീകരിക്കപ്പെടാത്തതുമായ നിയമനങ്ങൾ ഭിന്നശേഷി സംവരണം പാലിച്ചതിനുശേഷം മാത്രമേ അംഗീകരിക്കാനാകുവെന്ന കാരണംകൂടി ചൂണ്ടിക്കാട്ടി നിരാകരിച്ചിരുന്നു.

ഈ സാഹചര്യത്തിലാണ് റിവിഷൻ അപ്പീൽ നിരാകരിച്ച ബഹു. പൊ.വി. ഡയറക്ടറുടെ ഉത്തരവിനെതിരെ റൂൾ 92 ചാപ്റ്റർ 14 എ കെ.ഇ.ആർ പ്രകാരം ശ്രീമതി. ആർച്ച. എസ്. റിവിഷൻ ഹർജി ബഹു: ഗവ: മുമ്പാകെ സമർപ്പിച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വസ്തുതകൾ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.

2016-17 മുതൽ 2019-20 വരെയുള്ള കാലയളവിൽ അനുവദിക്കപ്പെട്ടിട്ടുള്ള അധിക തസ്തികയിൽ 2019-20 ന് ശേഷം നടത്തിയിട്ടുള്ള നിയമനങ്ങളുടെ കാര്യത്തിൽ, മാനേജർ G.O.(P) 4/2021/G.Edn തീയതി 06/02/2021 പ്രകാരമുള്ള സത്യപ്രസ്താവന സമർപ്പിച്ചിട്ടുണ്ടെങ്കിൽ, അത്തരം നിയമനങ്ങൾക്ക്, അവ മറ്റ് പ്രകാരത്തിൽ ക്രമത്തിലാണെങ്കിൽ, നിയമന തീയതി മുതൽ നോഷണലായും 23/01/2023 മുതൽ ശമ്പളത്തോടുകൂടിയുമെന്ന നിലയിൽ അംഗീകരിക്കാവുന്നതാണെന്ന് G.O.(P) No. 2/2021/G.Edn. തീയതി 23/01/2023 ന്റെ പാരാ 5 ൽ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. അതുകൊണ്ടു തന്നെ G.O.(P) 4/2021/G-Edn. തീയതി 06/02/2021 പ്രകാരം സമർപ്പിച്ചിട്ടുള്ള മാനേജരുടെ സത്യവാങ്മൂലം 2016-17 മുതൽ 2019-20 വരെയുള്ള കാലയളവിൽ നടത്തിയ നിയമനങ്ങൾക്ക് മാത്രമേ ബാധകമാകുന്നുള്ളൂവെന്ന തടസ്സവാദം അപ്രസക്തമാണെന്ന് ബോധിപ്പിക്കുന്നു.

ന്യൂസ്‌കൂൾ എന്ന നിലയിൽ ഒരു വ്യവസ്ഥാപിത ഒഴിവ് സംരക്ഷിത അദ്ധ്യാപക

നിയമനത്തിനായി വിട്ടു നൽകിയില്ലായെന്ന വാദവും വസ്തുതാപരമല്ല. ഗവ: സർക്കുലർ നമ്പർ 57/2019/G-Edn. തീയതി 08/03/2019 ലെ വ്യവസ്ഥകൾ പ്രകാരം നിശ്ചിത സമയപരിധിക്കുള്ളിൽ 02/05/2018 മുതൽ നിലവിൽ വന്ന 1 എഫ്.റ്റി.എം പ്രമോഷൻ ഒഴിവ് സംരക്ഷിത ജീവനക്കാരനായി വിട്ടു നൽകി ജോയിന്റെ മാനേജർമാർ സത്യപ്രസ്താവന ബഹു. ഡി.ഡി.ഇ-ക്ക് സമർപ്പിച്ചിരുന്നു. എന്നാൽ ഈ ഒഴിവിൽ 2 സംരക്ഷിത എഫ്.റ്റി.എം മാരെ നിയമിച്ചുവെങ്കിലും അവർ ഡ്യൂട്ടിക്കെത്താത്തതിനാൽ ആ ഒഴിവിൽ ബഹു. ഹൈക്കോടതിയുടെ നിർദ്ദേശാനുസരണം, നേരത്തേ ഈ സ്കൂളിൽ ജോലി ചെയ്തിരുന്ന ബി.ബിസാർ എന്ന എഫ്.റ്റി.എം-നെ നിയമിക്കുകയാണുണ്ടായത്. തുടർന്ന്, ആ ഒഴിവിന് പകരം 1 എച്ച്.എസ്.റ്റി (മലയാളം) ഒഴിവ് വിട്ടു നൽകി 13/07/2021 ൽ മാനേജർ വീണ്ടും സത്യവാങ്മൂലം നൽകുകയും അതിൽ ശ്രീ. ബി.ബിന്ദു എന്ന സംരക്ഷിത എച്ച്.എസ്.റ്റി (മലയാളം) 24/12/2022 മുതൽ നിയമിക്കപ്പെടുകയും 14/07/2023 വരെ ജോലിയിൽ തുടരുകയും ചെയ്തിരുന്നു. 2023-24 വർഷത്തെ തസ്തിക നിർണ്ണയത്തിൽ 1 എച്ച്. എസ്.റ്റി (എസ്.എസ്), 1 എച്ച്.എസ്. റ്റി (മലയാളം) തസ്തികകൾ നഷ്ടമായിരുന്നു. അതുമൂലമാണ് 15/07/2023 മുതൽ സംരക്ഷിതാദ്ധ്യാപകന് തസ്തിക നഷ്ടമായത്. ഇതിനുപകരം 2022-23 വർഷത്തെ തസ്തിക നിർണ്ണയത്തിലനുവദിച്ചതും 2025-26 വരെയും ഒഴിഞ്ഞു കിടന്നിരുന്നതുമായ എച്ച്.എസ്.റ്റി. (അറബിക്) ന്റെ അധിക തസ്തിക വീണ്ടും സംരക്ഷിതാദ്ധ്യാപക നിയമനത്തിനായി വിട്ടുനൽകി, ജോയിൻ്റ് മാനേജർമാർ 18/03/2025 ൽ വീണ്ടും സത്യവാങ്മൂലം നൽകിയിരുന്നു. സംരക്ഷിത എച്ച്.എസ്.റ്റി. (അറബിക്) ലഭ്യമല്ലാത്തതിനാൽ ഈ ഒഴിവിൽ ഇനിയും നിയമനം നടന്നിട്ടില്ല. എന്നാൽ, മറ്റ് റെഗുലർ ഒഴിവുകളൊന്നും നിലവിലില്ലാത്തതിനാലാണ് 2022-23 ലെ എച്ച്.എസ്.റ്റി അറബികിന്റെ അധിക തസ്തിക വിട്ടുനൽകി സത്യവാങ്മൂലം നൽകിയതെന്ന് സത്യപ്രസ്താവന സമർപ്പിക്കാൻ കൊല്ലം ഡി.ഡി.ഇ-യിൽനിന്നും നിർദ്ദേശം കിട്ടിയതിനാൽ എച്ച്.എസ്.റ്റി അറബിക് ഒഴിവ് വിട്ടുനൽകി സത്യപ്രസ്താവന നൽകിയ 28/03/2025 കാലയളവിൽ മറ്റ് റെഗുലർ ഒഴിവുകളൊന്നും നിലവിലില്ലായിരുന്നുവെന്ന സത്യവാങ്മൂലവും ജോയിൻ്റ് മാനേജർമാർ ഇതിനകം നൽകി കഴിഞ്ഞിട്ടുണ്ട്. അതേസമയം, ശ്രീമതി. ആർച്ച.എസ്-നെ എച്ച്.എസ്.റ്റി (മാത്ത്സ്) ആയി 01/12/2021 മുതൽ നിയമിക്കുന്നതിന് മുമ്പുതന്നെ (13/07/2021 ൽ) ഒരു എച്ച്.എസ്.റ്റി (മലയാളം) ഒഴിവ് ന്യൂ സ്കൂൾ എന്ന നിലയിൽ സംരക്ഷിതാദ്ധ്യാപക നിയനത്തിനായി വിട്ടുനൽകുകയും അതുപ്രകാരം നിയമിക്കപ്പെട്ട സംരക്ഷിതാദ്ധ്യാപകൻ 14/07/2023 വരെ സ്കൂളിൽ തുടരുകയും ചെയ്തിരുന്നു. കൂടാതെ 18/03/2025 ൽ വിട്ടുനൽകിയ എച്ച്. എസ്.റ്റി (അറബിക്) ന്റെ അധിക തസ്തിക സ.ഉ.(കൈ) നമ്പർ 136/2021/പൊ.വി.വ തീയതി 31/03/2021 പ്രകാരം റെഗുലർ തസ്തികയാണ്. ഈ ഉത്തരവിന്റെ പാരാ 3എ-യിൽ "അധിക തസ്തികകൾ കെ.ഇ.ആർ അദ്ധ്യായം 23 ലെ വ്യവസ്ഥകളനുസരിച്ച് അനുവദിക്കപ്പെടുന്നതാകയാൽ അവ റെഗുലർ തസ്തികകളാണ് അവയെ 'ടെമ്പററി', 'പെർമനന്റെ' എന്നിങ്ങനെ വേർതിരിച്ചു കണ്ടിരുന്ന രീതിക്ക് നിയമസാധുതയോ ഏതെങ്കിലും ചട്ടങ്ങളുടെ പിൻബലമോ ഇല്ല" എന്ന് വ്യക്തമാക്കപ്പെട്ടിട്ടുള്ളതാണ്. അവധി ഒഴിവുകളും നിശ്ചിത കാലയളവിലേക്ക് മാത്രമുള്ള ഒഴിവുകളും ഒഴികെ മറ്റ് തസ്തികകളും ഒഴിവുകളും 31/03/2021 പ്രാബല്യത്തിൽ റെഗുലർ ആണെന്നും ഈ ഉത്തരവിൽ വ്യക്തമാക്കുന്നുണ്ട്. ഇതനുസരിച്ച് 18/03/2025 ൽ വിട്ടുനൽകിയ എച്ച്.എസ്.റ്റി (അറബിക്) തസ്തികയും റെഗുലർ തസ്തികയാണ്. മാത്രമല്ല, 31/03/2021 ന് മുമ്പ് ഡിപ്പാർട്ടുമെന്റിൽ നിലനിന്നിരുന്ന കീഴ്‌വഴക്കമനുസരിച്ചായാൽപോലും 2022-23 ൽ അനുവദിച്ച എച്ച്.എസ്.റ്റി (അറബിക്) അധിക തസ്തിക നിലവിൽ 2025-26 ൽ 4-ാമത്തെ വർഷത്തിലേക്ക് കടന്നതിനാൽ സ്ഥിരം തസ്ത്ികയായി മാറിയിട്ടുണ്ട്.

സർവ്വോപരി, സംരക്ഷിതാദ്ധ്യാപകരെ നിയമിക്കാനുള്ള തസ്തിക മാനേജർ നിയമാനുസരണം വിട്ടുനൽകിയിട്ടും പ്രസ്തുത ഒഴിവിലേക്ക് സംരക്ഷിതാദ്ധ്യാപകൻ ലഭ്യമല്ലെങ്കിൽ പോലും കെ.ഇ.ആർ അദ്ധ്യായം 21 ചട്ടം 7(5) ലെ വ്യവസ്ഥകളിൽ ഇളവ് വരുത്തി, സംരക്ഷിതാദ്ധ്യാപക നിയമനത്തിനായി തസ്തിക വിട്ടുനൽകി മാനേജർ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ടെങ്കിൽ, സംരക്ഷിതാദ്ധ്യാപക നിയമനം നടക്കാത്തതിനാൽ അംഗീകരിക്കാതിരിക്കുന്ന മറ്റദ്ധ്യാപക നിയമനങ്ങൾ നിയമന തീയതി മുതൽ അംഗീകരിക്കാവുന്നതാണെന്ന് G.O.(MS) No. 101/2023/G.Edn. തീയതി 18/01/2023 ഉത്തരവിൽ ഗവ: വ്യക്തമാക്കിയിട്ടുണ്ട്. 2019-20 അദ്ധ്യായന വർഷം മുതലുള്ള നിയമനങ്ങൾക്ക് ഈ ഉത്തരവ് ബാധകമാണെന്നും വ്യക്തമാക്കപ്പെട്ടിട്ടുണ്ട്.

അതേസമയം, ഒരു വ്യവസ്ഥാപിത ഒഴിവ്' 'ന്യൂ സ്‌കൂൾ' എന്ന നിലയിൽ വിട്ടുനൽകി മാനേജർ സത്യവാങ്മൂലം യഥാസമയം നൽകി കഴിഞ്ഞാൽ ആ ഒഴിവിലേക്ക് സംരക്ഷിതാദ്ധ്യാപകർ ലഭ്യമല്ലാതെ വന്നാലോ സംരക്ഷിതാദ്ധ്യാപകരുടെ ലിസ്റ്റ് ഡി.ഡി.ഇ മാനേജർക്ക് നൽകാതിരുന്നാലോ അതിന് മാനേജർ കുറ്റക്കാരനാകില്ലെന്നും ഇത്തരം സന്ദർഭങ്ങളിൽ മാനേജർ കെ.ഇ.ആർ ചാപ്റ്റർ 21 റൂൾ 7(3) ലെ വ്യവസ്ഥ പൂർണ്ണമായി പാലിച്ചതായി കണക്കാക്കാമെന്നും അത്തരം മാനേജർമാർ നടത്തിയിട്ടുള്ള മറ്റ് നിയമനങ്ങൾ മറ്റ് പ്രകാരത്തിൽ ക്രമത്തിലാണെങ്കിൽ നിയമന തീയതി മുതലംഗീകരിക്കാവുന്നതാണെന്നും ഈ സ്‌കൂളിലെ തന്നെ 3 അദ്ധ്യാപകർ ചേർന്ന് ഫയൽ ചെയ്ത WP(C) No. 25973/2020 കേസിന്മേൽ 19/08/2021 ൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ വ്യക്തമാക്കിയിരുന്നു. മേൽപ്പറഞ്ഞ വസ്തുതകൾ പരിഗണിക്കുമ്പോൾ 'ന്യൂ സ്‌കൂൾ' എന്ന നിലയിൽ സംരക്ഷിതാദ്ധ്യാപകനെ നിയമിച്ചിട്ടില്ലായെന്ന വാദം നിലനിൽക്കുന്നതല്ലെന്ന് വ്യക്തമാണ്.

അതേസമയം, റോസ്റ്റർ നൽകാത്തതോ ഭിന്നശേഷി നിയമനം നടത്താത്തതോ നിയമനാംഗീകാരം നിഷേധിക്കുന്നതിന് കാരണമാകുന്നില്ല. മാത്രമല്ല G.O.(MS) 29/2023/G-Edn. തീയതി 24/03/2023, പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 16/07/2023 ലെ H2/295299/2021, മറ്റ് അനുബന്ധ ഉടനുത്തരവുകൾ എന്നിവ പ്രകാരം 18/11/2018 മുതൽ 08/11/2021 വരെ ഉണ്ടായിട്ടുള്ള ഒഴിവുകളിൽ 08/11/2021 ന് ശേഷം നടത്തിയിട്ടുള്ള നിയമനങ്ങളാണെങ്കിൽപോലും അവ ശമ്പള സ്കെയിലിൽ താൽക്കാലികാടിസ്ഥാനത്തിൽ അംഗീകരിക്കാമെന്ന് വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ആകയാൽ ശ്രീമതി. ആർച്ച.എസ്-ന്റെ നിയമനം 08/11/2021 ന് മുമ്പ് നിലവിൽ വന്ന ഒഴിവിലാകയാൽ, അത് ശമ്പള സ്കെയിലിൽ താൽക്കാലികാടിസ്ഥാനത്തിൽ അംഗീകരിക്കാവുന്നതാണെന്ന് ബോധിപ്പിക്കുന്നു.

മേൽപ്പറഞ്ഞതിൽനിന്നും ശ്രീമതി. ആർച്ച.എസ്-ന്റെ എച്ച്.എസ്.റ്റി (ഗണിതം) നിയമനം 01/12/2021 മുതലംഗീകരിക്കുന്നതിനെതിരായി ഉന്നയിക്കപ്പെട്ടിട്ടുള്ള മേൽപ്പറഞ്ഞ 3 തടസ്സവാദങ്ങളും ഇപ്പോൾ നിലനിൽക്കുന്നില്ലെന്ന് വ്യക്തമാണ്. ഈ സാഹചര്യത്തിൽ ശ്രീമതി. ആർച്ച.എസ്-ന്റെ നിയമനം 01/12/2021 മുതൽ 22/01/2023 വരെ നോഷണലായും 22/01/2023 മുതൽ ശമ്പളത്തോടുകൂടിയുമെന്ന നിലയിൽ താൽക്കാലികാടിസ്ഥാനത്തിൽ സ്കെയിലിൽ അംഗീകരിച്ചു തരാൻ കൊല്ലം ഡി.ഇ.ഒ-ക്ക് നിർദ്ദേശം നൽകി ഈ പുനഃപരിശോധനാ ഹർജി തീർപ്പാക്കണമെന്നപേക്ഷിക്കുന്നു.

3. പൊതു വിദ്യാഭ്യാസ ഓഫീസർമാർ താഴപ്പറയും പ്രകാരം വാദിച്ചു :

കണ്ണനല്ലൂർ എം കെ എൽ എം എച്ച് എസ് സ്കൂളിന് 2019-20 വർഷം അനുവദിച്ച എച്ച് എസ് ടി ഗണിതം അധിക തസ്തികയിൽ മാനേജർ ശ്രീമതി ആർച്ച എസ് നെ 01.12.2021 മുതൽ നിയമിച്ചു. 6.02.2021 ലെ സ.ഉ. 4/2021 ലെ വ്യവസ്ഥ പ്രകാരവും പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ എച്ച് 2/19500/2019 ഡി ജി ഇ തീയതി 26.02.21 ലെ ഉത്തരവ് അനുസരിച്ചും 2016-17 മുതൽ 2019-20 വരയുള്ള അധിക തസ്തികയിൽ 2019-20 വരെ നടത്തിയ നിയമനങ്ങൾ അംഗീകരിക്കുന്നതിനാണ് നിർദേശിച്ചിരിക്കുന്നത്. ഈ സാഹചര്യത്തിൽ കേരള വിദ്യാഭ്യാസ നിയമം അദ്ധ്യായം 14 എ.ചട്ടം 8(3) പ്രകാരം മാനേജർ 01.12.21 മുതൽ എച്ച് എസ് ടി മാത്സിന്റെ അധിക തസ്തികയിൽ നടത്തിയ ശ്രീമതി ആർച്ച. എസ് ന്റെ നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു നൽകി.

തുടർന്ന് മാനേജർ വിദ്യാഭ്യാസ ഉപഡയറക്ടർക്കു അപ്പീൽ നൽകി. കണ്ണനല്ലൂർ എം.കെ.എൽ.എം.എച്ച്.എസ്.എസ് പുതുതായി ആരംഭിച്ച വിദ്യാലയങ്ങളുടെ ഗണത്തിൽപ്പെടുന്നതാണ്. കണ്ണനല്ലൂർ എം.കെ.എൽ.എം.എച്ച്.എസ്.എസ്സിൽ 2019-20 വർഷം അനുവദിച്ച എച്ച്.എസ്.ടി (ഗണിതം) അധിക തസ്തികയിലാണ് ശ്രീമതി ആർച്ച. എസ്.നെ 01/12/2021 മുതൽ മാനേജർ നിയമിച്ചത്. സ.ഉ.(അച്ചടി) നം. 04/2021 എയ്ഡഡ് സ്കൂളുകളിൽ 2016-17 മുതൽ 2019-20 വരെ നിയമിതരായ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്ക് നിയമനാംഗീകാരം നൽകുന്നതിന് വേണ്ടി മാത്രം പരിമിതപ്പെട്ടതാണെന്ന് പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് 2021-22 വർഷത്തേക്ക് ദീർഘിപ്പിച്ച്കൊണ്ട് ഉത്തരവ് നിലവിലില്ല. ശ്രീമതി ആർച്ച. എസ്.നെ നിയമിച്ചത് 2019-20 വർഷത്തെ അധിക തസ്തികയിൽ ആണെങ്കിൽ കൂടി ടിയാരി നിയമിതയായത് 01/12/2021 മുതലാണ്. ടിയാരിയുടെ നിയമനത്തിൽ കെ.ഇ.ആർ. അദ്ധ്യായം XXI ചട്ടം 7(3) എ യിലെ വ്യവസ്ഥകളും, 08-11-2021ലെ സ.ഉ.(പി) നം.19/2021/പൊ.വി.വ സർക്കാർ ഉത്തരവിലെ വ്യവസ്ഥയും പാലിച്ചിട്ടില്ലാത്തതിനാൽ വിദ്യാഭ്യാസ ഉപഡയറക്ടറും ടി നിയമനം നിരസിച്ചു നൽകി.

ഇതേ തുടർന്ന് മാനേജർ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് റിവിഷൻ അപ്പീൽ നൽകി. മേൽ വസ്തുതകൾ വിശദമായി പരിശോധിച്ചതിൻ പ്രകാരം 2019-20 വർഷം അനുവദിച്ച എച്ച് എസ് ടി ഗണിതം അധിക തസ്തികയിലാണ് മാനേജർ ശ്രീമതി ആർച്ച. എസ്. നെ 01.12.21 മുതൽ നിയമിച്ചത്. 2016-17 മുതൽ 2019-20 വരയുള്ള അധിക തസ്തികയിൽ നടത്തിയ നിയമനങ്ങൾ അംഗീകരിക്കുന്നതിനാണ് 6.02.2021 ലെ സ.ഉ. 4/2021 ലെ വ്യവസ്ഥ പ്രകാരവും പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ എച്ച് 2/19500/2019 ഡി ജി ഇ തീയതി 26.02.21 ഉത്തരവ് നിർദ്ദേശിച്ചിട്ടുള്ളത്. പ്രസ്തുത ഉത്തരവ് 2021-22 വർഷത്തേക്ക് ദീർഘിപ്പിച്ചിട്ടില്ല. കൂടാതെ ഭിന്നശേഷി സംവരണം സംബന്ധിച്ച G.O.(MS) No.18/2018/SJD dt 18.11.2018, ബഹു. കേരള ഹൈകോടതി ഈ വിഷയത്തിൽ WP(C) 19808/21 മുതലായ കേസുകളിൽ 10/8/22 ൽ പുറപ്പെടുവിച്ച ഉത്തരവ് എന്നിവ പ്രകാരം 18/11/2018 മുതലുള്ളതും നിലവിൽ അംഗീകരിക്കപ്പെടാത്തതുമായ നിയമനങ്ങൾ ഭിന്നശേഷി സംവരണം പാലിച്ചതിനു ശേഷം മാത്രമേ പരിഗണിക്കാനാകൂ. ആയതിനാൽ കണ്ണനല്ലൂർ എം.കെ.എൽ.എം.എച്ച്.എസ്.എസിലെ എച്ച്.എസ്.ടി (ഗണിതം) അധിക തസ്തികയിലെ ശ്രീമതി. ആർച്ച.എസിന്റെ 01/12/2021 മുതലുള്ള നിയമനം അംഗീകരിക്കണമെന്നാവശ്യപ്പെട്ടു കൊണ്ടുള്ള മാനേജരുടെ റിവിഷൻ ഹർജ്ജി പൊതു വിദ്യാഭ്യാസ ഡയറക്ടർ നിരസിച്ചു ഉത്തരവായിട്ടുണ്ട്.

നിലവിൽ നൃ സ്കൂളുകളുടെ ഗണത്തിൽ ഉൾപ്പെടുന്ന ടി സ്കൂളിൽ സംരക്ഷിത അദ്ധ്യാപകർ ആരും തന്നെ സേവനം അനുഷ്ഠിക്കുന്നില്ല. കൂടാതെ ഭിന്നശേഷി സംവരണ പ്രകാരം ടി സ്കൂളിൽ ക്യാറ്റഗറി II-ൽ (എച്ച്.എസ്.റ്റി) 2 തസ്തികകൾ ഭിന്നശേഷി നിയമനത്തിനായി വിട്ടുനൽക്കേണ്ടതുണ്ട്. ആയതിൽ ടി സ്കൂളിലെ എച്ച്.എസ്.റ്റി ഹിന്ദി അദ്ധ്യാപികയായ ശ്രീമതി. ഷേർളി. ബി വിരമിച്ച ഒഴിവിൽ ഭിന്നശേഷി നിയമനം നടത്തുന്നതിനായി റിക്വിസിഷൻ ഫോം ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേനെ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് ഓഫീസർക്ക് നൽകിയിട്ടുണ്ട്. കൂടാതെ ടി സ്കൂളിലെ എച്ച്.എം. ശ്രീ. ജോൺസൺ.കെ.ജോർജ് വി.ആർ.എസ് എടുത്തതിനെ തുടർന്നുണ്ടാകുന്ന എച്ച്.എസ്.റ്റി ഫിസിക്കൽ സയൻസ് ഒഴിവും ഭിന്നശേഷി സംവരണ നിയമനത്തിനായി വിട്ടുനൽകും എന്ന് മാനേജർ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിൽ അറിയിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ ശ്രീ. ജോൺസൺ. കെ. ജോർജ് ന്റെ വി.ആർ.എസ് അപേക്ഷയിന്മേലുള്ള നടപടികൾ പൂർത്തിയായിട്ടില്ല.

മാനേജർ ഭിന്നശേഷി നടപടികൾ പൂർത്തിയാക്കുന്ന മുറയ്ക്കും 6/2/2021 തീയതിയിലെ സ.ഉ.(സാധാ)4/2021/പൊ.വി.വ പ്രകാരമുള്ള സത്യപ്രസ്താവന സമർപ്പിക്കുന്ന മുറയ്ക്കും 23/1/2023 തീയതിയിലെ സ.ഉ.(സാധാ) 2/2023/പൊ.വി.വ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലും ടി നിയമനം പരിഗണിയ്ക്കാമെന്നുള്ള എന്ന വിവരം കൂടി പൊതു വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിനെ അറിയിച്ചു.

4. സർക്കാർ ഈ വിഷയം ഹർജിക്കാരന്റെ വാദം, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലെ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. കണ്ണനല്ലൂർ എം.കെ.എൽ.എം.എച്ച്.എസ്.എസ് ലെ എച്ച്.എസ്.ടി.(ഗണിതം) അധിക തസ്തികയിലേക്കുള്ള ശ്രീമതി. ആർച്ച.എസ്. ന്റെ 01.12.2021 മുതലുള്ള നിയമനം 01.12.2021 മുതൽ 22.01.2023 വരെ നോഷണലായും 22.01.2023മുതൽ താൽക്കാലികാടിസ്ഥാനത്തിൽ ശമ്പളസ്കെയിലിലും അംഗീകരിച്ചു നൽകണം എന്നതാണ് റിവിഷൻ ഹർജിയിലെ ആവശ്യം.

കണ്ണനല്ലൂർ എം.കെ.എൽ.എം.എച്ച്.എസ്.എസ് മാനേജർ 2019-20 വർഷം അനുവദിച്ച എച്ച്.എസ്സ്.റ്റി(ഗണിതം) അധിക തസ്തികയിൽ ശ്രീമതി ആർച്ച. എസിനെ 01/12/2021 മുതൽ നിയമിച്ചു.

2016-2017 മുതൽ 2019-2020 വരയുള്ള അധിക തസ്തികകളിൽ നടത്തിയ നിയമനങ്ങൾ അംഗീകരിക്കുന്നതിനാണ് 06-02-2021-ലെ സ.ഉ.(അച്ചടി) no. 04/2021-ലെ വ്യവസ്ഥ പ്രകാരവും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 26-02-2021 ലെ 22/19500/2019/നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിട്ടുള്ളത്. ആയതിനാൽ പ്രസ്തുത ഉത്തരവ് 2021-2022 വർഷത്തേക്ക് ദീർഘിപ്പിച്ചിട്ടില്ല. കൂടാതെ ഭിന്നശേഷി സംവരണം സംബന്ധിച്ച 18-11-2018-ലെ G.O.(MS) No.18/2018/SJD ഉത്തരവും, ബഹു. കേരള ഹൈക്കോടതി ഭിന്നശേഷി വിഷയത്തിൽ WP(C) 19808/21 മുതലായ കേസുകളിൽ 10-08-2022-ൽ പുറപ്പെടുവിച്ച ഉത്തരവ് എന്നിവ പ്രകാരം 18-11-2018 മുതലുള്ളതും നിലവിൽ അംഗീകരിക്കപ്പെടാത്തതുമായ നിയമനങ്ങൾ ഭിന്നശേഷി സംവരണം പാലിച്ചതിനു ശേഷം മാത്രമേ പരിഗണിക്കാവൂ എന്നീ കാരണങ്ങളാലാണ് നിലവിൽ ഈ നിയമനം നിരസിക്കപ്പെട്ടിട്ടുള്ളത്.

2016-17 മുതൽ 2019-20 വരെയുള്ള വർഷങ്ങളിൽ അനുവദിക്കപ്പെട്ടിട്ടുള്ള അധിക തസ്തികകളിലെ ഒഴിവുകളിൽ 2019-20 ന് ശേഷം നിയമനം നടത്തിയിട്ടുള്ള കേസുകളിൽ മാനേജർ സത്യപ്രസ്താവന സമർപ്പിക്കുകയാണെങ്കിൽ അത്തരം നിയമനങ്ങൾക്ക്, അവ മറ്റെല്ലാ വിധത്തിലും ക്രമപ്രകാരമെങ്കിൽ നിയമനതീയതി മുതൽ നോഷണൽ ആയും 23/01/2023 മുതൽ സാമ്പത്തിക ആനുകൂല്യത്തോടും കൂടി അംഗീകരിക്കാവുന്നതാണെന്ന് 23/01/2023 ലെ 2/2023/പൊ.വി.വ. ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

നിലവിൽ ന്യൂ സ്കൂളുകളുടെ ഗണത്തിൽ ഉൾപ്പെടുന്ന ടി സ്കൂളിൽ സംരക്ഷിത അദ്ധ്യാപകർ ആരും തന്നെ സേവനം അനുഷ്ഠിക്കുന്നില്ലെന്നും കൂടാതെ ഭിന്നശേഷി സംവരണ പ്രകാരം ടി സ്കൂളിൽ കാറ്റഗറി II-ൽ (എച്ച്.എസ്.റ്റി) 2 തസ്തികകൾ ഭിന്നശേഷി നിയമനത്തിനായി വിട്ടുനൽകേണ്ടതുള്ളതിൽ ടി സ്കൂളിലെ എച്ച്.എസ്.റ്റി ഹിന്ദി അദ്ധ്യാപികയായ ശ്രീമതി. ഷേർളി.ബി വിരമിച്ച ഒഴിവിൽ ഭിന്നശേഷി നിയമനം നടത്തുന്നതിനായി റിക്വിസിഷൻ എംപ്ലോയ്മെൻ്റ് എക്സ്ചേഞ്ച് ഓഫീസർക്ക് നൽകിയിട്ടുണ്ടെന്നും കൂടാതെ ടി സ്കൂളിലെ എച്ച്.എം ശ്രീ.ജോൺസൻ.കെ.ജോർജ് വി.ആർ.എസ് എടുത്തതിനെ തുടർന്നുണ്ടാകുന്ന എച്ച്.എസ്.റ്റി ഫിസിക്കൽ സയൻസ് ഒഴിവും ഭിന്നശേഷി സംവരണ നിയമനത്തിനായി വിട്ടുനൽകും എന്ന് മാനേജർ അറിയിക്കുകയും ചെയ്ത സാഹചര്യത്തിൽ 24-03-2023 തീയതിയിലെ സ.ഉ.(കൈ) നം.29/2023/GEDN നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. ആർച്ച.എസ്-ന്റെ നിയമനം ഭിന്നശേഷി നിയമനങ്ങൾക്ക് വിധേയമായി 01-12-2021 മുതൽ പരിഗണിക്കാവുന്നതാണെന്ന് പൊതു വിദ്യാഭ്യാസ ഓഫീസർമാർ ഹിയറിംങ് വേളയിൽ അറിയിച്ചിട്ടുണ്ട്.

2016-17 മുതൽ 2019-20 വരെയുള്ള വർഷങ്ങളിൽ അനുവദിക്കപ്പെട്ടിട്ടുള്ള അധിക തസ്തികകളിലെ ഒഴിവുകളിൽ 2019-20 ന് ശേഷം നിയമനം നടത്തിയിട്ടുള്ള കേസുകളിൽ മാനേജർ സത്യപ്രസ്താവന സമർപ്പിക്കുകയാണെങ്കിൽ അത്തരം നിയമനങ്ങൾക്ക്, അവ മറ്റെല്ലാ വിധത്തിലും ക്രമപ്രകാരമെങ്കിൽ നിയമനതീയതി മുതൽ നോഷണൽ ആയും 23/01/2023 മുതൽ സാമ്പത്തിക ആനുകൂല്യത്തോടും കൂടി അംഗീകരിക്കാവുന്നതാണെന്ന് 23/01/2023 ലെ 2/2023/പൊ.വി.വ. ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കെ.ഇ.ആർ അദ്ധ്യായം XXI 7(3) പാലിച്ചിട്ടില്ല. ഭിന്നശേഷി സംവരണം പാലിച്ചിട്ടില്ല.

5. പൊതു വിദ്യാഭ്യാസ ഡയറക്ടർ നൽകിയ 05.06.2026 തീയതിയിലെ റിപ്പോർട്ട് പ്രകാരം എം.കെ.എൽ.എം.എച്ച്.എസ്.എസ് കണ്ണനല്ലൂർ സ്കൂളിൽ 2018-2019 വർഷം അനുവദിച്ച അധിക തസ്തികയായ എച്ച്.എസ്.റ്റി മലയാളം, കെ.ഇ.ആർ അധ്യായം XXI ചട്ടം 7(3) പ്രകാരം സംരക്ഷിത അദ്ധ്യാപകരെ നിയമിക്കുന്നതിനായി മാനേജർ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് വിട്ടുനൽകി. തുടർന്ന് ടി തസ്തികയിൽ സംരക്ഷിത അദ്ധ്യാപകനായ ശ്രീ. ബി. ബിനു 24-12-2022 മുതൽ സേവനം അനുഷ്ഠിച്ച വരവേ 2023-2024 വർഷത്തെ തസ്തിക നിർണ്ണയ പ്രകാരം ടി തസ്തിക നഷ്ടപ്പെടുകയും സംരക്ഷിത അദ്ധ്യാപകനായ ശ്രീ. ബി. ബിനു പുറത്തുപോകുകയും ചെയ്തു. തുടർന്ന് 2022-2023 വർഷത്തെ തസ്തിക നിർണ്ണയ പ്രകാരം അനുവദിച്ചതും 2025 വരെ ഒഴിഞ്ഞു കിടന്നതുമായ എച്ച്.എസ്.റ്റി അറബിക് തസ്തിക സംരക്ഷിത അദ്ധ്യാപക നിയമനം നടത്തുന്നതിനായി 18-03-2025-ൽ മാനേജർ വിട്ടുനൽകികൊണ്ട് കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സത്യവാങ്മൂലം സമർപ്പിക്കുകയും ചെയ്തു. എന്നാൽ നിലവിൽ

എച്ച്.എസ്.റ്റി അറബിക് തസ്തികയിൽ സംരക്ഷിത അദ്ധ്യാപകരെ നിയമിക്കാൻ ലഭ്യമല്ലാത്തതിനാൽ ടി തസ്തികയിൽ സംരക്ഷിത അദ്ധ്യാപക നിയമനം നടന്നിട്ടില്ല. എന്നിരുന്നാലും സ്കൂൾ അധ്യയനത്തിനു തടസം വരാതിരിക്കുന്നതിനായി മാനേജർ ടി തസ്തികയിൽ നടത്തിയ ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനങ്ങൾ ജില്ലാ വിദ്യാഭ്യാസ ഓഫീസർ പരിഗണിക്കുവാൻ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ നിർദേശം നൽകിയിട്ടുണ്ട്. ആയതിനാൽ കെ.ഇ.ആർ അധ്യായം XXI ചട്ടം 7(3) പാലിച്ചിട്ടുണ്ട്.

കണ്ണനല്ലൂർ കെ.എൽ.എം.എച്ച്.എസ്.എസ് ൽ ഭിന്നശേഷി സംവരണ പ്രകാരം ക്യാറ്റഗറി II-ൽ (ഹൈസ്കൂൾ വിഭാഗം) 2 തസ്തികകൾ ഭിന്നശേഷി നിയമനത്തിനായി വിട്ടുനൽകേണ്ടതുണ്ട്. ടി സ്കൂളിലെ എച്ച്.എസ്.റ്റി ഹിന്ദി അദ്ധ്യാപികയായിരുന്ന ശ്രീമതി. ഷെർലി. ബി-യുടെ വിരമിക്കൽ ഒഴിവ് ഭിന്നശേഷി നിയമനം നടത്തുന്നതിനായി വിട്ടുനല്കികൊണ്ടുള്ള റിക്വസിഷൻ കൊല്ലം ജില്ലാ വിദ്യാഭ്യാസഓഫീസ് മുഖേനെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഓഫീസർക്ക് നൽകിയിട്ടുണ്ട്. കൂടാതെ ടി സ്കൂളിലെ എച്ച്.എസ്.റ്റി ഫിസിക്കൽ സയൻസ് അദ്ധ്യാപികയായ ശ്രീമതി. നിസ്സാ ബീഗം പി-യെ 16-04-2025 മുതൽ പ്രഥമാദ്ധ്യാപക തസ്തികയിൽ മാനേജർ നിയമിച്ചതിനെ തുടർന്നുള്ള എച്ച്.എസ്.റ്റി ഫിസിക്കൽ സയൻസ് തസ്തികയിലെ ഒഴിവ് ഭിന്നശേഷി നിയമനം നടത്തുന്നതിനായി വിട്ടുനൽകാം എന്ന് മാനേജർ കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ കത്ത് മുഖേനെ അറിയിച്ചിട്ടുണ്ട്. നിലവിൽ ശ്രീമതി. നിസ്സാ ബീഗം.പി-യുടെ 16-04-2025 മുതലുള്ള പ്രഥമാദ്ധ്യാപക തസ്തികയിലെ നിയമനം അംഗീകരിക്കുന്നത് സംബന്ധിച്ച നടപടികൾ കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ സ്വീകരിച്ച് വരികയാണ്. ആയതിനാൽ ടി തസ്തിക (എച്ച്.എസ്.റ്റി ഫിസിക്കൽ സയൻസ്) വ്യവസ്ഥാപിതമായിട്ടില്ല എന്ന് കൊല്ലം ജില്ലാ വിദ്യാഭ്യാസഓഫീസിൽ നിന്നും റിപ്പോർട്ട് ചെയ്തിരിക്കുന്ന വിവരം കൂടി പൊതു വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചു.

6. പൊതു വിദ്യാഭ്യാസ ഡയറക്ടർ നൽകിയ 16.06.2026 തീയതിയിലെ റിപ്പോർട്ട് പ്രകാരം കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 06-06-2026 തീയതിയിലെ DDEKLM/1143/2026-B1 നമ്പർ ഉത്തരവ് പ്രകാരം സംരക്ഷിത അദ്ധ്യാപകനായ ശ്രീ. അബ്ദുൾ ബാസിദ്. ജെ-യെ സംരക്ഷിത അദ്ധ്യാപക നിയമനം നടത്തുന്നതിനായി വിട്ടുനൽകിയ എച്ച്.എസ്.റ്റി അറബിക് തസ്തികയിൽ നിയമിച്ചിട്ടുണ്ട് എന്നും ടിയാൻ 08-06-2026-ൽ എച്ച്.എസ്.റ്റി അറബിക് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച വിവരം സ്കൂൾ പ്രഥമാദ്ധ്യാപിക റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നും കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നതായി പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചു.

മേൽ സാഹചര്യത്തിൽ, കണ്ണനല്ലൂർ എം.കെ.എൽ.എം. എച്ച്.എസ്.എസ് ലെ എച്ച്.എസ്.ടി. (ഗണിതം) അധ്യാപിക ശ്രീമതി. ആർച്ച.എസ്. ന്റെ നിയമനം 01/12/2021 മുതൽ നോഷണലായും 23/01/2023 മുതൽ സാമ്പത്തിക ആനുകൂല്യത്തോടും കൂടിയുമെന്ന നിലയിൽ 23/1/2023 തീയതിയിലെ സ.ഉ.(സാധാ) 2/2023/പൊ.വി.വ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലും ഭിന്നശേഷി നിയമത്തിനും വിധേയമായും ഈ കാലയളവിൽ ടിയാൾക്ക് നിലനിൽക്കാൻ തസ്തിക ലഭ്യമാണെന്ന് ഉറപ്പുവരുത്തി മറ്റെല്ലാ വിധത്തിലും ക്രമപ്രകാരമെങ്കിൽ, അംഗീകരിക്കാൻ കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി, അപ്രകാരം കണ്ണനല്ലൂർ എം.കെ.എൽ.എം.എച്ച്.എസ്.എസ് ലെ എച്ച്.എസ്.ടി. (ഗണിതം) അധ്യാപിക ശ്രീമതി. ആർച്ച.എസ്. ഫയൽ ചെയ്ത പുന:പരിശോധന ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊല്ലം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
മാനേജർ, എം.കെ.എൽ.എം. എച്ച്.എസ്.എസ്, കണ്ണനല്ലൂർ,കൊല്ലം
ശ്രീമതി. ആർച്ച. എസ്., എച്ച്.എസ്.ടി. (ഗണിതം), എം.കെ.എൽ.എം. എച്ച്.എസ്.എസ്, കണ്ണനല്ലൂർ, കൊല്ലം
വിവര പൊതുജന സമ്പർക്ക ( വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**Signed by Ragasmitha V M**
**Date: 06-07-2026 11:32:17**